(ഐ) കോഴിക്കോട്-വയനാട് റൂട്ടിൽ അനുവദിച്ചിട്ടുള്ള പ്രൈവറ്റ് ബസുകൾ ആ റൂട്ടിൽ നിന്നും ഒഴിവാക്കികൊടുക്കാൻ ബന്ധപ്പെട്ട ആർ. ടി. എ. മാർക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നെങ്കിലും, പ്രസ്തുത ഉത്തരവിനെതിരെ പ്രൈവറ്റ് ബസ് ഉടമകൾ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നതിനാൽ കോടതി നടപടികൾക്ക്ശേഷം മാത്രമേ കെ. എസ്. ആർ. ടി. സി. ക്ക് ഇതു സംബന്ധിച്ച് തുടർ നടപടി കൈക്കൊള്ളാൻ കഴിയുകയുള്ളു.

കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

117 (806) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ലാഭകരമാക്കാനും എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ കെ. എസ്. ആർ. ടി. സി. യുടെ പ്രതിദിനവരുമാനവും ചെലവും എത്രയാണ് ; ഇപ്പോഴത്തെ ബസും ജീവനക്കാരും തമ്മിലുള്ള അനുപാതം എത്രയാണ് ;

(സി) ഇപ്പോൾ ദിവസേന എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തു കൊണ്ടിരിക്കുന്നത് ;

(ഡി) ഷെഡ്യൂളുകൾ റദ്ദാക്കുന്നതുമൂലം കെ. എസ്. ആർ. ടി. സി. ക്ക് പ്രതിദിനം ഉണ്ടാകുന്ന നഷ്ടം എത്രയെന്നും ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ലാഭകരമാക്കാനും ഈ സാമ്പത്തിക വർഷം 2001 ജനുവരി അവസാനംവരെ 622 പുതിയ ബസുകൾ കമ്മീഷൻ ചെയ്തു നിരത്തിലിറക്കുകയുണ്ടായി. കൂടാതെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാസർകോട്, കോഴിക്കോട് ബസ് സ്റ്റേഷനുകളോടനുബന്ധിച്ച് ഷോപ്പിംഗ് കോപ്ലക്സുകളും പണിയാൻ ഉദ്ദേശിക്കുന്നു. ഇതു കൂടാതെ ഡ്രൈവർമാർക്ക് ഇന്ധനക്ഷമതയെ സംബന്ധിച്ചും കണ്ടക്ടർമാർക്ക് പൊതുജനങ്ങളോടുള്ള പെരുമാറ്റ രീതിയെ സംബന്ധിച്ചും മറ്റും വിശദമായ പരിശീലന പരിപാടികളും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) 2001 ഫെബ്രുവരി മാസത്തെ ശരാശരി വരുമാനം ഒരുകോടി 61 ലക്ഷം രൂപയാണ്. ചെലവ് 2.05 കോടി രൂപയുമാണ്. 1999-2000 സാമ്പത്തികവർഷത്തെ കണക്കനുസരിച്ച് ബസും ജീവനക്കാരും തമ്മിലുള്ള അനുപാതം, താൽക്കാലിക ജീവനക്കാരുൾപ്പെടെ 7:35 ആണ്.

(സി) ശരാശരി 3530 ഷെഡ്യൂളുകൾ.

(ഡി) ഷെഡ്യൂളുകൾ റദ്ദാക്കുന്നതുമൂലം വരുമാനത്തിൽ കാര്യമായ കുറവില്ല.

LIBRARY ARCHIVES Kerala Legislative Assembly